**കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ**

ഫോൺ: **0471-2311215, e-mail: kswcfc@gmail.com Website: www.kswcfc.org**

**മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലന ധനസഹായ പദ്ധതി.**

2017-18 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാസമുന്നതി മെഡിക്കൽ/എഞ്ചിനീയറിംഗ് (ബിരുദ തലത്തിലും ബിരുദാനന്തരബിരുദ തലത്തിലും) പ്രവേശന പരീക്ഷാ പരിശീലന ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ:-

- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ ഓൺലൈൻ ഡാറ്റാബാങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ലഭിക്കുന്ന രജിസ്റ്റർ നമ്പർ ഉപയോഗിച്ച് മാത്രമേ പരിശീലന ധനസഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഒരു തവണ മാത്രം ചെയ്യേണ്ടതും പ്രസ്തുത രജിസ്ട്രേഷൻ നമ്പർ സൂക്ഷിച്ച് വയ്ക്കേണ്ടതുമാണ്. കോർപ്പറേഷൻ ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാൻ ഈ രജിസ്ട്രേഷൻ നമ്പർ അനിവാര്യമാണ്.
- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്ന വരാകണം.
- അപേക്ഷകരുടെ (പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) കുടുംബ വാർഷിക വരുമാനം **നാലര ലക്ഷം (4,50,000/-)** രൂപയിൽ താഴെ ആയിരിക്കണം.
- **ബിരുദ തലം:** SSLC പഠനം പൂർത്തിയാക്കിയവർക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ ഓരോ വിഷയത്തിനും B+ Grade അല്ലെങ്കിൽ 70% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്./ HSS പഠനം പൂർത്തിയാക്കിയവർക്ക് ഫിസിക്സ്, കെമിസ്ട്രി, ഓപ്ഷണൽ വിഷയം എന്നിവയിൽ ഓരോ വിഷയത്തിനും B+ Grade അല്ലെങ്കിൽ 70% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്. 20 വയസ്സാണ് അപേക്ഷകർക്ക് നിശ്ചയിച്ചിരിക്കുന്ന പ്രായ പരിധി.

  **ബിരുദാനന്തരബിരുദ തലം:** ബിരുദ പഠനം പൂർത്തിയാക്കിയവർ 60% ൽ കുറയാതെ മാർക്ക് നേടിയിരിക്കേണ്ടതാണ്. പ്രായ പരിധി നിശ്ചയിച്ചിട്ടില്ല.

- പരിശീലന ധനസഹായ പദ്ധതിക്കുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറഞ്ഞി ട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

  1. ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ Transfer Certificate.
     (വില്ലേജ് ഓഫീസർ നൽകുന്ന Minority Certificate/മറ്റു രേഖകൾ സ്വീകാര്യമല്ല)
  2. വരുമാന സർട്ടിഫിക്കറ്റ് (റവന്യുഅധികാരി/വില്ലേജ് ഓഫീസർ നൽകുന്നത്).
  3. മാർക്ക് തെളിയിക്കുന്ന രേഖ
     - **ബിരുദ തലം:** SSLC/ HSS സർട്ടിഫിക്കറ്റ്.
     - **ബിരുദാനന്തരബിരുദ തലം:** Degree സർട്ടിഫിക്കറ്റ്.
  4. പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).
  5. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയത്).
  6. ആധാർ കാർഡ്.

- ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷയുടെയും, ഉള്ളടക്കം ചെയ്യുന്ന രേഖകളുടെയും പകർപ്പ് തപാലിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ കോർപ്പറേഷനിൽ **അയച്ചുതരേണ്ടതില്ല**.
- മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലനധനസഹായത്തിനായി അപേക്ഷിക്കുന്നവർ നിലവാരമുള്ള പരിശീലന സ്ഥാപനങ്ങളിൽ പഠിച്ച് കൊണ്ടിരി ക്കുന്നവരാകണം.
- പരിശീലന ധനസഹായം **''ഒടുക്കിയ ഫീസ് തിരികെ നൽകുന്ന മാതൃകയിൽ ആണ്''**. പരമാവധി 10,000/- രൂപ വരെ ഫീസ് ഇനത്തിൽ അടച്ച തുകയാണ് തിരികെ നൽകുന്നത്. പരിശീലന ധനസഹായം പരമാവധി 10,000/- രൂപ എന്ന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, അപേക്ഷകൻ ഒടുക്കിയ ഫീസ് തുക മാത്രമേ അനുവദിച്ച് നൽകുകയുള്ളൂ.
- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് വിദ്യാർത്ഥികൾക്ക് ധനസഹായം ലഭ്യമാക്കുന്നത്. കുറഞ്ഞ വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതക്കനുസൃതമായിട്ടുമാണ് ഗുണ ഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകന്റെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **15-11-2017** ആണ്. അപേക്ഷകർക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷ പ്രസ്തുത തീയതി വരെ മാത്രമേ തിരുത്തുന്നതിനുള്ള അവസരം ലഭിക്കുകയുള്ളൂ. തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

- ***കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രസ്തുത പരീക്ഷാ പരിശീലന ധനസഹായം മുമ്പ് ലഭിച്ചവർ പുതുതായി അപേക്ഷിക്കാൻ അർഹരല്ല.***

- പരിശീലന ധനസഹായത്തിനായി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർക്ക് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേയ്ക്ക് SMS ലഭിക്കുന്നതാണ്. **SMS ലഭിക്കുന്ന അപേക്ഷകർ മാത്രം താഴെപ്പറയുന്ന രേഖകൾ** തപാലിൽ Kerala State Welfare Corporation for Forward Communities ltd, TC9/476, L2, Kuleena, Jawahar Nagar, Kowdiar. P.O., Thiruvananthapuram- 3 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

- ഓൺലൈൻ അപേക്ഷയുടെ പകർപ്പ്.
- ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്/ സ്കൂളിൽ നിന്നും ലഭിക്കുന്ന ജാതി രേഖപ്പെടുത്തിയ Transfer Certificate ന്റെ പകർപ്പ്.
  (വില്ലേജ് ഓഫീസർ നൽകുന്ന Minority Certificate/മറ്റു രേഖകൾ സ്വീകാര്യമല്ല)
- വരുമാന സർട്ടിഫിക്കറ്റ് (റവന്യൂഅധികാരി/വില്ലേജ് ഓഫീസർ നൽകുന്നത്).
- മാർക്ക് തെളിയിക്കുന്ന രേഖയുടെ പകർപ്പ്.
  - **ബിരുദ തലം:** SSLC/ HSS സർട്ടിഫിക്കറ്റ്.
  - **ബിരുദാനന്തരബിരുദ തലം:** Degree സർട്ടിഫിക്കറ്റ്.
- പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).
- അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയത്).
- ആധാർ കാർഡിന്റെ പകർപ്പ്.
- പരിശീലനത്തിനായി ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീത്.